<u>പതിനാലാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 346** **28.11.2018 ൽ മറുപടിയ്ക്ക്**

## <u>വിധവകൾക്കും വയോജനങ്ങൾക്കുമായുള്ള ക്ഷേമ പദ്ധതികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിധവകളും വയോജനങ്ങളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ കഴിയുന്ന വിധത്തിലുള്ള എന്തൊക്കെ പദ്ധതികൾ നിലവിലുണ്ട് ; | (എ) | സംസ്ഥാനത്ത് വയോജനങ്ങൾ അനുഭവിയ്ക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിയ്ക്കുന്നതിനും അവരുടെ ക്ഷേമത്തിനുമായി നിരവധി പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ കൊടുത്തുകൊണ്ട് അപ്ഗ്രേഡ് ചെയ്യുന്ന സായംപ്രഭാ ഹോം പദ്ധതി, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരൻമാർക്ക് കൃത്രിമ ദന്തനിര സൗജന്യമായി വച്ചുപിടിപ്പിച്ചുകൊടുക്കുന്ന മന്ദഹാസം പദ്ധതി, സംസ്ഥാനത്തെ വൃദ്ധ സദനങ്ങളിലെ താമസക്കാർക്ക് ആയുർവേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്ന വയോഅമൃതം പദ്ധതി, വൃദ്ധ സദനങ്ങളിലെ താമസക്കാർക്ക് ശാരീരികവും മാനസികവുമായ ഉല്ലാസം പ്രദാനം ചെയ്യുന്ന മ്യൂസിക് തെറാപ്പി, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരൻമാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിയ്ക്കുന്നതിന് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്ന വയോമധുരം പദ്ധതി, വയോജനങ്ങൾക്ക് അലോപ്പതി ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്ന വയോമിത്രം പദ്ധതി എന്നിവ വയോജനങ്ങൾക്കായി സർക്കാർ നടപ്പാക്കുന്ന പദ്ധതികളാണ്. കൂടാതെ മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച കേന്ദ്ര നിയമം സംസ്ഥാന ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് ഫലപ്രദമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. നിയമം നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി 21 മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരെ സാമൂഹ്യ നീതി വകുപ്പ് നിയമിച്ചിട്ടുണ്ട്. മാത്രമല്ല മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ വിചാരണയ്ക്കായി വന്നെത്തുന്ന വയോജനങ്ങൾക്ക് ഇരിപ്പിട സൗകര്യം, ചായ, ലഘു ഭക്ഷണം, വെള്ളം എന്നിവ നൽകുന്നതിന് സാമൂഹ്യ നീതി വകുപ്പ് പദ്ധതി ആവിഷ്ക്കരിയ്ക്കുകയും ഈ ആവശ്യത്തിലേയ്ക്കായി ഓരോ |

| | | | |
|---|---|---|---|
| | | | ട്രൈബ്യൂണലിനും 80,000/- രൂപ വീതം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. വിധവകളുടെ ക്ഷേമത്തിനായി സഹായഹസ്തം, മംഗല്യ പദ്ധതി (വിധവാ പുനർവിവാഹ ധനസഹായ പദ്ധതി), വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതി, അഭയ കിരണം, വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിധവകൾക്കു വേണ്ടിയുള്ള നിയമ സഹായം, രജിസ്ട്രേഷൻ, പരാതി പരിഹാരത്തിനുള്ള ഹെൽപ്പ് ഡെസ്ക് തുടങ്ങിയ സേവനങ്ങൾക്കായി ജില്ലാതല വിധവാ സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വിധവകളെയും വയോജനങ്ങളെയും വഞ്ചിച്ച് സ്വത്തുക്കൾ തട്ടിയെടുക്കുകയും ഇവരെ പിന്നീട് ഉപേക്ഷിക്കുകയും ചെയ്യുന്ന അവസ്ഥ തടയുന്നതിനും അപ്രകാരം തട്ടിയെടുത്ത സ്വത്തുക്കൾ വീണ്ടെടുത്ത് നൽകുന്നതിനും സൗജന്യ നിയമ സഹായം ഉൾപ്പെടെയുള്ള ആവശ്യമായ നടപടികൾ സാമൂഹ്യ നീതി വകുപ്പ് സ്വീകരിക്കുമോ; | (ബി) | സ്വത്തുക്കൾ കൈവശപ്പെടുത്തിയ ശേഷം രക്ഷിതാക്കളെ സംരക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്ന ബന്ധുക്കൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സംസ്ഥാനത്ത് സബ് കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർമാർ അദ്ധ്യക്ഷനായുള്ള മെയിന്റനൻസ് ട്രൈബ്യൂണലുകൾ രൂപീകരിച്ചിട്ടുണ്ട്. മാതാപിതാക്കളുടേയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച 2007 ലെ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് മെയിന്റനൻസ് ട്രൈബ്യൂണലുകൾ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നത്. മുതിർന്ന പൗരൻമാരുടെ പരാതികളുടെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണ, വിചാരണ നടപടികൾ പൂർത്തിയാക്കി അർഹരായ മുതിർന്ന പൗരൻമാർക്ക് മക്കളിൽ നിന്ന് സംരക്ഷണവും സംരക്ഷണച്ചിലവും ടി ആക്ട് പ്രകാരം മെയിന്റനൻസ് ട്രൈബ്യൂണൽ മുഖാന്തിരം ഉറപ്പാക്കുന്നു. പ്രതിമാസം പരമാവധി 10,000/- രൂപ വരെ സംരക്ഷണച്ചിലവായി എതിർകക്ഷികളിൽ നിന്നും ഈടാക്കാൻ നിയമം അനുവദിക്കുന്നു. 14 ജില്ലകളിലും പ്രവർത്തിക്കുന്ന വിമൺ പ്രൊട്ടക്ഷൻ ഓഫീസുകൾ വഴിയും 92 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ വഴിയും സൗജന്യ നിയമ സഹായത്തിനുള്ള സൗകര്യം നൽകി വരുന്നു. കൂടാതെ സംസ്ഥാന, ജില്ലാ ലീഗൽ സർവ്വീസ് സൊസൈറ്റികൾ മുഖാന്തിരം ആവശ്യമായ സഹായം ലഭ്യമാക്കുന്നുമുണ്ട്. |
| (സി) | സർക്കാർ ആനുകൂല്യങ്ങളുടെ പട്ടികയിൽ വിധവകൾക്ക് ആവശ്യമായ മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. പബ്ലിക് സർവ്വീസ് നിയമനങ്ങളിൽ ഉയർന്ന പ്രായപരിധി 50 വയസ്സ് കഴിയരുതെന്ന വ്യവസ്ഥകളിന്മേൽ വിധവകൾക്ക് പ്രായപരിധിയിൽ 5 വർഷത്തെ ഇളവ് നൽകി സർക്കാർ ഉത്തരവ് (പി) നം.10/2018/P&ARD തീയതി 29.05.2018 (SRO No.340/2018) പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.